**<u>വിവരാവകാശം / മറുപടി</u>**

നമ്പർ: E4- 4759/18.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 20.04.2018

സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

ശ്രീ. അനീഷ് ആന്റണി,
കാര്യാടിയിൽ
ശാന്തിഗ്രാം പി.ഒ
ശാന്തിഗ്രാം.

Fcd on
23.04.18

സർ,

വിഷയം: സാ.നീതി വകുപ്പ് - ജീവനക്കാര്യം - വിവരാവകാശ നിയമം 2005 പ്രകാരം മറുപടി നൽകുന്നത് - സംബന്ധിച്ച്-

സൂചന: താങ്കളുടെ 21.03.2018ലെ അപേക്ഷ.

2005ലെ വിവരാവകാശ നിയമപ്രകാരം താങ്കളാവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 2005 ജൂൺ 30 മുതൽ ഹെഡ് ഓഫീസ്സിൽ ഉണ്ടായ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല.

a) 2005 ജൂൺ 30ന് ശേഷം PSC സെക്രട്ടറിയ്ക്ക് റിപ്പോർട്ടു ചെയ്ത് ഹെഡ് ക്വാർട്ടർ ഒഴിവുകളുടെ എണ്ണം ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല. എന്നാൽ സാമൂഹ്യനീതി വകുപ്പിൽ ഡയറക്ടറേറ്റിലെ ഒരു വാച്ച്മാൻ തസ്തികയിലുണ്ടാകുന്ന ഒഴിവ് ഹെഡ്ക്വാർട്ടേഴ് ഒഴിവായി PSC സെക്രട്ടറിയ്ക്ക് റിപ്പോർട്ടു ചെയ്ത് നിയമനം നടത്തുന്നുണ്ട്. ടി സത്കികയിലെ ഒഴിവ് അവസാനമായി 20.1.18ൽ PSC സെക്രട്ടറിയ്ക്ക് റിപ്പോർട്ട് ചെയ്ത നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ വനിതാ-ശിശുവികസന വകുപ്പിന്റെ ഹെഡ്-ക്വാർട്ടറിൽ സൃഷ്ടിക്കപ്പെട്ട 4 ഓഫീസ് അറ്റൻഡന്റ് തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി PSC സെക്രട്ടറിയിക്കു റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

b) സാമൂഹ്യനീതി ഡയറക്ടറേറ്റിലെ വാച്ച്മാന്റെ ഹെഡ് ക്വാർട്ടർ ഒഴിവ് 1.1.18ൽ നിലവിൽ വരികയും 20.1.18ൽ PSC സെക്രട്ടറിയ്ക്ക് റിപ്പോർട്ടു ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താൽക്കാലിക ജീവനക്കാർ ആരും തന്നെ ജോലി ചെയ്യുന്നില്ല.

*db@18*

3. 2005 **ജൂൺ** 30നു ശേഷം ഹെഡ് ഓഫീസിൽ നടന്ന സ്ഥലംമാറ്റങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ചു സൂക്ഷിച്ചിട്ടില്ല.

4. സാമൂഹ്യനീതി വകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകളെല്ലാം സാമൂഹ്യനീതി ഡയറക്ടറാണ് പുറപ്പെടുവിക്കുന്നത്.

മേൽ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ അപ്പീൽ അധികാരിയായ ശ്രീമതി. കെ.ഗീത, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

**എസ്. രാജീവ്കുമാർ**
സീനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്

*db@18*